# SREE PADMANABHA SWAMY TEMPLE

MATHILAKAM OFFICE, NORTH NADA, FORT, THIRUVANANTHAPURAM – 695023
Phone: 0471 2450233, 2450031 ; Fax: 0471 2450233
Website: www.spst.in; E-mail: eospsttvpm@gmail.com

File No.C-2/2024/ SPST/0293 31.01.2024

## 2024- 25 വർഷ കുത്തകകളുടെ ടെണ്ടർ നോട്ടീസ്

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലേക്ക് ആവശ്യമായ സാധനങ്ങളുടെ ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു. താഴെ പറയുന്ന പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള തീയതികളിലും സമയത്തിലും അപ്പോൾ ഹാജരായിട്ടുള്ള ടെണ്ടർ സമർപ്പിച്ചിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി 14.02.2024 വൈകിട്ട് 5 മണിയ്ക്ക് മുൻപ്.

| നം | ഇനം | ടെണ്ടർ തുറക്കുന്ന തീയതി | ടെണ്ടർ തുറക്കുന്ന സമയം | നിരത ദ്രവ്യം ഡി.ഡി ആയി അടയ്ക്കേണ്ട തുക |
|---|---|---|---|---|
| 1 | **മുണ്ട്, നേര്യത്, തോർത്ത്, നേരിയത് സാരികൾ എന്നിവ സപ്ലൈ ചെയ്യുന്നതിന്.** | 15.02.2024 | രാവിലെ 11 മണിയ്ക്ക് | 3,00,000.00 |
| 2 | **കമ്പ്യൂട്ടർ ടോണർ ഫില്ലിംഗ്, കമ്പ്യൂട്ടർ സർവ്വീസിംഗ്, പ്രിന്റർ സർവ്വീസിംഗ് എന്നിവ ചെയ്യുന്നതിന്.** | 15.02.2024 | രാവിലെ 11.30 മണിയ്ക്ക് | 10,000.00 |
| 3 | **മഞ്ഞക്കടമ്പിൽ തീർത്ത ഓണവില്ല് തടി ഫ്രെയിം സപ്ലൈ ചെയ്യുന്നതിന്.** | 15.02.2024 | ഉച്ചയ്ക്ക് 12.00 മണിയ്ക്ക് | 10,000.00 |
| 4 | **അഗ്രശാല ഗണപതി കോവിലിൽ ഭക്തർ ഉടയ്ക്കുന്ന നാളികേരം, ശാസ്താം കോവിലിൽ നീരാഞ്ജനം നടത്തിയ ശേഷമുള്ള നാളികേരം, അന്നദാനത്തിൽ നാളികേരം ചിരകിയ ശേഷമുള്ള ചിരട്ട എന്നിവ വില നൽകി കൊണ്ടുപോകുന്നതിന്.** | 15.02.2024 | ഉച്ചയ്ക്ക് 12.30 മണിയ്ക്ക് | 1500.00 |
| 5 | **കണ്ടെയ്നർ സപ്ലൈ ചെയ്ത് അരവണ നിറച്ച് പായ്ക്ക് ചെയ്തു നൽകുന്നതിന്** | 15.02.2024 | വൈകുന്നേരം 4 മണിയ്ക്ക് | 1,00,000.00 |
| 6 | **അരവണ കൂട്ട് ക്ഷേത്രം നിർദ്ദേശിക്കുന്ന രീതിയിൽ തയ്യാറാക്കുനതിന്.** | 15.02.2024 | വൈകുന്നേരം 4.30 മണിയ്ക്ക് | 10,000.00 |
| 7 | **ഓഫീസ് സ്റ്റേഷനറി ഐറ്റങ്ങൾ സപ്ലൈ ചെയ്യുന്നതിന്.** | 15.02.2024 | വൈകുന്നേരം 5 മണിയ്ക്ക് | 10,000.00 |

| | | | | |
|---|---|---|---|---|
| 8 | ക്ലോക്ക് റൂം, അർച്ചന വഴിപാട് രസീതുകൾ പ്രിന്റ് ചെയ്യുന്നതിന്. | 16.02.2024 | രാവിലെ 11 മണിയ്ക്ക് | 10,000.00 |
| 09 | പൂജാദ്രവ്യങ്ങൾ സപ്ലൈ ചെയ്യുന്നതിന്. | 16.02.2024 | രാവിലെ 11.30 മണിയ്ക്ക് | 10,000.00 |
| 10 | അന്നദാന മലക്കറി സപ്ലൈ ചെയ്യുന്നതിന്. | 16.02.2024 | ഉച്ചയ്ക്ക് 12 മണിയ്ക്ക് | 10,000.00 |
| 11 | വിറക് സപ്ലൈ ചെയ്യുന്നതിന്. | 16.02.2024 | ഉച്ചയ്ക്ക് 12.30 മണിയ്ക്ക് | 10,000.00 |
| 12 | നിദാന മലക്കറി സപ്ലൈ ചെയ്യുന്നതിന. | 16.02.2024 | വൈകുന്നേരം 4 മണിയ്ക്ക് | 10,000.00 |
| 13 | നിദാനപുഷ്പങ്ങൾ സപ്ലൈ ചെയ്യുന്നതിന്. | 16.02.2024 | വൈകുന്നേരം 4.30 മണിയ്ക്ക് | 20,000.00 |
| 14 | പൂത്തട്ട് പുഷ്പങ്ങൾ സപ്ലൈ ചെയ്യുന്നതിന് | 17.02.2024 | രാവിലെ 11 മണിയ്ക്ക് | 10,000.00 |
| 15 | പൂത്തട്ട് രസകദളിപഴം സപ്ലൈ ചെയ്യുന്നതിന് | 17.02.2024 | രാവിലെ 11.30 മണിയ്ക്ക് | 10,000.00 |
| 16 | പാളത്തട്ട് സപ്ലൈ ചെയ്യുന്നതിന് | 17.02.2024 | ഉച്ചയ്ക്ക് 12 മണിയ്ക്ക് | 1500.00 |
| 16 | നാളികേരം, ഇളനീർ കൊട്ടത്തേങ്ങ, എന്നിവ സപ്ലൈ ചെയ്യുന്നതിന്. | 17.02.2024 | ഉച്ചയ്ക്ക് 12.30 മണിയ്ക്ക് | 10,000.00 |
| 17 | ഉപയോഗശൂന്യമായിവരുന്ന സാധനങ്ങൽ, പാഴ്വസ്തുക്കൾ മുതലായവ വില നൽകി മാസം തോറും കൊണ്ടു പോകുന്നതിന്. | 17.02.2024 | വൈകുന്നേരം 4 മണിയ്ക്ക് | 1500.00 |

01.02.2024 മുതൽ ക്ഷേത്രത്തിൽ നിന്നും നൽകുന്ന നിർദ്ദിഷ്ട ഫോറത്തിൽ മാത്രമേ ടെണ്ടർ സ്വീകരിക്കുകയുള്ളൂ. മുകളിൽ കാണിച്ചിരിക്കുന്ന പട്ടിക പ്രകാരമുള്ള നിരതദ്രവ്യം ഡി.ഡി(ഡിമാന്റ് ഡ്രാഫ്ററ്) ആയി സമർപ്പിക്കേണ്ടതാണ് "എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം" എന്ന പേരിലായിരിക്കണം ഡി.ഡി. സമർപ്പിക്കേണ്ടത്. ടെണ്ടർ നോട്ടീസിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ക്ഷേത്രം ഓഫീസിൽ ടെണ്ടർ സമർപ്പിക്കേണ്ടതാണ്. മററ് കൂടുതൽ വിവരങ്ങൾക്ക് ക്ഷേത്രം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ
ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം

പകർപ്പ്: പി.ആർ.എ, വെബ്സൈററ്, നോട്ടീസ് ബോർഡ് ,നാലു നടകളിലും.

# SREE PADMANABHA SWAMY TEMPLE

MATHILAKAM OFFICE, NORTH NADA, FORT, THIRUVANANTHAPURAM – 695023
Phone: 0471 2450233, 2450031 ; Fax: 0471 2450233
Website: www.spst.in; E-mail: mathilakamofficespst@gmail.com

File No. C-2/2024/SPST/0293 31.01.2024

## ടെണ്ടർ നിബന്ധനകൾ

1. ടെണ്ടർ സമർപ്പിക്കുന്നവർ ഹിന്ദു മതസ്ഥരായിരിക്കണം.
2. ക്ഷേത്ര സുരക്ഷയ്ക്ക് വിരുദ്ധമായ യാതൊരു പ്രവൃത്തിയും ടെണ്ടർ ലഭിക്കുന്നവരുടെ ഭാഗത്തു നിന്നും ഉണ്ടാവാൻ പാടില്ല.
3. ക്ഷേത്രത്തിൽ നിന്നും നൽകുന്ന നിർദ്ദിഷ്ട ഫോറത്തിൽ മാത്രമേ ടെണ്ടറുകൾ സമർപ്പിക്കാൻ പാടുള്ളൂ. അല്ലാത്തവ സ്വീകരിക്കുന്നതല്ല.
4. ടെണ്ടർ ഫോമിനോടൊപ്പം വോട്ടർ ഐഡി, ആധാർ കാർഡ് മുതലായവയിൽ ഏതെങ്കിലും ഒന്ന് തിരിച്ചറിയൽ രേഖയായി വെച്ചിരിക്കണം.
5. സീൽ ചെയ്ത കവറിൽ മാത്രമേ ടെണ്ടർ സമർപ്പിക്കുവാൻ പാടുള്ളൂ. കവറിന് പുറത്ത് ഏത് ടെണ്ടർ ആണ് സമർപ്പിക്കുന്നത് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
6. ക്ഷേത്രം ജീവനക്കാരോ, ക്ഷേത്രം ജീവനക്കാരുടെ അടുത്ത ബന്ധുക്കളോ ടെണ്ടറിൽ പങ്കെടുക്കാൻ പാടുള്ളതല്ല.
7. സമർപ്പിക്കുന്ന ടെണ്ടറിനോടൊപ്പം. നിർദ്ദിഷ്ഠ രൂപ നിരത ദ്രവ്യമായ ഡി.ഡി(ഡിമാന്റ് ഡ്രാഫ്റ്റ്) ................. എന്ന പേരിൽ കൂടെ ഉള്ളടക്കം ചെയ്തിരിക്കണം.
8. ടെണ്ടർ സ്വീകരിക്കുന്നതിന് ഏററവും കുറഞ്ഞ/കൂടിയ തുക മാത്രമായിരിക്കില്ല മാനദണ്ഡം. ഗുണനിലവാരം കൂടി പരിഗണിച്ചായിരിക്കും ടെണ്ടർ സ്ഥിരപ്പെടുത്തുന്നത്.
9. എന്തെങ്കിലും കാരണവശാൽ ക്ഷേത്ര താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ, സാധനങ്ങൾ സപ്ലൈ ചെയ്യാൻ കാലതാമസം വരുത്തുകയോ, അംഗീകൃത സാമ്പിളിൽ നിന്നും ഗുണനിലവാരത്തിൽ കൃത്രിമം കാണിക്കുകയോ ചെയ്താൽ ടെണ്ടർ വ്യവസ്ഥയുടെ ലംഘനമായി കണ്ട് ടെണ്ടർ റദ്ദു ചെയ്യുന്നതാണ്.
10. ഈ ടെണ്ടർ സംബന്ധമായി ടെണ്ടർ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള പരിപൂർണ്ണമായ അവകാശം ക്ഷേത്രം എക്സിക്യുട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.
11. സപ്ലൈ ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും ടാക്സ് ഉൾപ്പെടെയുള്ള വില ക്വോട്ട് ചെയ്ത് ആയിരിക്കണം ടെണ്ടർ സമർപ്പിക്കേണ്ടത്.
12. ക്ഷേത്രത്തിൽ നിന്നും ശേഖരിച്ചു കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട ടെണ്ടറുകൾ ക്വാട്ട് ചെയ്യുമ്പോൾ എല്ലാവിധ ചിലവുകളും ഉൾപ്പെടെയായിരിക്കണം ക്വാട്ട് ചെയ്യേണ്ടത്. ടെണ്ടർ ഉറപ്പിച്ചുകഴിഞ്ഞതിനു ശേഷം യാതൊരു തരത്തിലുമുള്ള അധിക തുകയും ക്ഷേത്രത്തിൽ നിന്നും അനുവദിക്കുന്നതല്ല.
13. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന ടെണ്ടറുകൾ പരിശോധനയിൽ തന്നെ തള്ളുന്നതായിരിക്കും. ഒന്നാമത്തെ ആൾ ടെണ്ടർ നിരസിക്കുകയോ ഏറ്റെടുക്കാൻ തയ്യാറാവാതിരിക്കുകയോ ചെയ്യുന്നപക്ഷം ടിയാന്റെ നിരത ദ്രവ്യം. ക്ഷേത്രത്തിലേക്ക് മുതൽ കൂട്ടുന്നതും അനന്തര നടപടികൾ എക്സിക്യുട്ടീവ് ഓഫീസർ തീരുമാനിക്കുന്നതുമായിരിക്കും വ്യക്തതയില്ലാത്തതും അപൂർണ്ണവുമായ ടെണ്ടറുകൾ പരിശോധനയിൽ തന്നെ നിരസിക്കുന്നതായിരിക്കും.

14. എക്സിക്യൂട്ടീവ് ഓഫീസർ എടുക്കുന്ന നിലപാട് അന്തിമമായിരിക്കും.
15. ഈ നിബന്ധനകൾ അംഗീകരിച്ച് ഒപ്പിട്ട് നിരതദ്രവ്യം ഡി.ഡിയായി സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടെണ്ടർ നിരസിക്കുന്നതായിരിക്കും.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി ടെണ്ടർ സമർപ്പിക്കാൻ താൽപ്പര്യമുള്ളവർ അനുബന്ധ രേഖകളുടെ പകർപ്പുകൾ ഉൾപ്പെടെ **14.02.2024 ാം തീയതി വൈകുന്നേരം 5 മണിക്കകം** സീൽ ചെയ്ത കവറിൽ മതിലകം ഓഫീസിൽ സ്ഥാപിച്ചിരിക്കുന്ന ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്. ലഭിക്കുന്ന ടെണ്ടറുകൾ ടെണ്ടർ നോട്ടീസിൽ സൂചിപ്പിച്ചിരിക്കുന്ന തീയതികളിൽ അപ്പോൾ ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും യോഗ്യത നേടിയ ടെണ്ടർ ഉറപ്പിക്കുന്നതുമായിരിക്കും. ടെണ്ടർ സ്വീകരിച്ച് അറിയിപ്പ് ലഭിച്ചാൽ 2 ദിവസത്തിനകം 200 രൂപയുടെ മുദ്ര പത്രത്തിൽ കരാർ വെച്ച് സപ്ലൈ ചെയ്യാൻ/ സാധനങ്ങൾ കൊണ്ടുപോകാൻ തയ്യാറായിരിക്കുകയും ചെയ്യണം.

ക്ഷേത്രം ഓഫീസ് സീൽ

ടെണ്ടറുകാരന്റെ പേര്:

ഒപ്പ് :

തിയതി :